2026
NOVEMBER
20
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

ഇന്ത്യയുടെ ഗ്രീൻ എനർജി മേഖലയിലേക്ക് വൻ നിക്ഷേപവുമായി ആമസോൺ



ബെംഗളൂരു: ഇന്ത്യയിലെ പുനരുപയോഗ ഊർജ മേഖലയിലേക്ക് വൻ നിക്ഷേപവുമായി ആഗോള ഇകൊമേഴ്സ് കമ്പനിയായ ആമസോൺ. 2030നകം ഇന്ത്യയിൽ 7 ബില്യൺ ഡോളർ (ഏകദേശം 63,000 കോടി രൂപ) അധികമായി നിക്ഷേപിക്കാനാണ് കമ്പനിയുടെ തീരുമാനം. കാറ്റ്, സൗരോർജ പദ്ധതികൾ വികസിപ്പിക്കുന്നതിനും ഇന്ത്യയുടെ ശുദ്ധ ഊർജ പരിവർത്തനത്തിന് പിന്തുണ നൽകുന്നതിനുമാണ് നിക്ഷേപം.

നേരത്തെ ഇന്ത്യയിലെ പുനരുപയോഗ ഊർജ പദ്ധതികൾക്കായി 4 ബില്യൺ ഡോളറിന്റെ നിക്ഷേപം ആമസോൺ ഉറപ്പാക്കിയിരുന്നു. പുതിയ പ്രഖ്യാപനം കൂടി വരുന്നതോടെ ഇന്ത്യയിലെ ഗ്രീൻ എനർജി മേഖലയിലെ കമ്പനിയുടെ മൊത്തം നിക്ഷേപ പ്രതിബദ്ധത 11 ബില്യൺ ഡോളറായി ഉയരും.

ഇന്ത്യയിൽ ആകെ 934 മെഗാവാട്ട് ശേഷിയുള്ള നാല് പുതിയ കാറ്റ്, സൗരോർജ പദ്ധതികളും ആമസോൺ പ്രഖ്യാപിച്ചു. കർണാടകയിൽ 234 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതിയും 200 മെഗാവാട്ടിന്റെ സംയോജിത കാറ്റ്സൗരോർജ പദ്ധതിയും നടപ്പാക്കും.

മധ്യപ്രദേശിൽ 300 മെഗാവാട്ടിന്റെ സൗരോർജ പദ്ധതിയും രാജസ്ഥാനിൽ 200 മെഗാവാട്ടിന്റെ സൗരോർജ പദ്ധതിയുമാണ് വരുന്നത്. നിലവിലുള്ള 4 ബില്യൺ ഡോളറിന്റെ നിക്ഷേപ പദ്ധതികളുടെ ഭാഗമായാണ് ഇവ നടപ്പാക്കുന്നത്. വൈദ്യുതി വാങ്ങൽ കരാറുകളായ പവർ പർച്ചേസ് എഗ്രിമെന്റുകൾ വഴിയാണ് പദ്ധതികൾ ഉറപ്പാക്കിയിരിക്കുന്നത്.

പദ്ധതികളെല്ലാം പ്രവർത്തനക്ഷമമാകുന്നതോടെ ഇന്ത്യയിലെ ആമസോണിന്റെ കരാർ അടിസ്ഥാനത്തിലുള്ള പുനരുപയോഗ ഊർജ പദ്ധതികളുടെ ആകെ ശേഷി രണ്ട് ഗിഗാവാട്ട് കവിയും. 35 ലക്ഷത്തിലധികം ഇന്ത്യൻ കുടുംബങ്ങളുടെ ഒരു വർഷത്തെ വൈദ്യുതി ആവശ്യത്തിന് തുല്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഈ പദ്ധതികൾക്ക് കഴിയുമെന്നാണ് കമ്പനിയുടെ വിലയിരുത്തൽ.

പുതിയ നിക്ഷേപത്തെ കേന്ദ്ര നവപുനരുപയോഗ ഊർജ മന്ത്രി പ്രൽഹാദ് ജോഷി സ്വാഗതം ചെയ്തു. ഇന്ത്യയുടെ ശുദ്ധ ഊർജ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഊർജ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും ഇത്തരം നിക്ഷേപങ്ങൾ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ പുനരുപയോഗ ഊർജ മേഖലയിലുള്ള ആഗോള കമ്പനികളുടെ വർധിച്ചുവരുന്ന വിശ്വാസമാണ് ഇതിലൂടെ വ്യക്തമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആമസോണിന്റെ ആഗോള ഊർജ ലക്ഷ്യങ്ങളുമായും പുതിയ നിക്ഷേപ പ്രഖ്യാപനം ബന്ധപ്പെട്ടിരിക്കുന്നു. 2019ലെ അടിസ്ഥാന നിലയുമായി താരതമ്യം ചെയ്യുമ്പോൾ 2030നകം കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതിയുടെ കാർബൺ തീവ്രത 65 ശതമാനം കുറയ്ക്കാനാണ് ലക്ഷ്യം.

നിലവിൽ ഇന്ത്യയിൽ ആമസോണിന് 14 പദ്ധതികളും കമ്പനിയുടെ വിവിധ സ്ഥാപനങ്ങളിലായി 43 ഓൺസൈറ്റ് സോളാർ സംവിധാനങ്ങളുമുണ്ട്. ആഗോളതലത്തിൽ 40 ഏണലധികം സംയോജിത ശേഷിയുള്ള 700ലധികം കാറ്റ്, സൗരോർജ പദ്ധതികളിലും കമ്പനി പങ്കാളിയാണ്.

പുനരുപയോഗ ഊർജത്തിന് പുറമെ ഇന്ത്യയിലെ ഇലക്ട്രിക് വാഹന മേഖലയിലും ആമസോൺ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. രാജ്യത്തെ 500ലധികം നഗരങ്ങളിലായി 15,000ത്തിലധികം ഇലക്ട്രിക് വാഹനങ്ങൾ ഇതിനകം വിന്യസിച്ചിട്ടുണ്ട്. ടാറ്റ മോട്ടോഴ്സുമായി സഹകരിച്ച് 3,000 ഇലക്ട്രിക് ട്രക്കുകൾ നിരത്തിലിറക്കാനും പദ്ധതിയുണ്ട്.

2040നകം ആഗോള പ്രവർത്തനങ്ങളിലുടനീളം നെറ്റ് സീറോ കാർബൺ എമിഷൻ കൈവരിക്കുകയാണ് ആമസോണിന്റെ ദീർഘകാല ലക്ഷ്യം.

ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പുനരുപയോഗ ഊർജ പദ്ധതികളിലേക്കുള്ള പുതിയ 7 ബില്യൺ ഡോളറിന്റെ നിക്ഷേപം കമ്പനിയുടെ ഗ്രീൻ എനർജി വികസനത്തിലെ നിർണായക ചുവടുവയ്പ്പാണ്.

ആമസോണിന്റെ പുതിയ നിക്ഷേപം ഇന്ത്യയുടെ പുനരുപയോഗ ഊർജ മേഖലയ്ക്ക് വലിയ ഉത്തേജനമാകുമെന്നാണ് വിലയിരുത്തൽ.



രത്ന, ആഭരണ കയറ്റുമതിയിൽ 34 ശതമാനം കുതിപ്പ്

ഒക്ടോബറിൽ ഗോൾഡ് ജ്വല്ലറി കയറ്റുമതി 48.20 ശതമാനം ഉയർന്ന് 1.26 ബില്യൺ ഡോളറിലെത്തി (12,017.78 കോടി രൂപ). ആഗോള വിപണിയിൽ മികച്ച നേട്ടമുണ്ടാക്കി ഇന്ത്യയുടെ രത്ന, ആഭരണ കയറ്റുമതി മേഖല. 2026 ഒക്ടോബറിൽ രാജ്യത്തെ മൊത്തം രത്ന, ആഭരണ കയറ്റുമതി 34.01 ശതമാനം വർധിച്ച് 27,862.82 കോടി രൂപയിലെത്തി (2.92 ബില്യൺ ഡോളർ). കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 19,253.60 കോടി രൂപയായിരുന്നു കയറ്റുമതി.

ക്രിസ്മസ്, പുതുവത്സര ആഘോഷങ്ങൾക്ക് മുന്നോടിയായി വിദേശ വിപണികളിൽ ഇന്ത്യൻ ആഭരണങ്ങൾക്ക് ലഭിച്ച ശക്തമായ ഓർഡറുകളാണ് ഈ കുതിപ്പിന് പിന്നിലെ പ്രധാന കാരണം. കഴിഞ്ഞ വർഷം ഒക്ടോബറിൽ ദീപാവലി ആഘോഷങ്ങൾ വന്നതിനാൽ ആഭരണ നിർമ്മാണ കേന്ദ്രങ്ങളിൽ പ്രവർത്തനം തടസ്സപ്പെട്ടിരുന്നു. എന്നാൽ ഇത്തവണ ദീപാവലി നവംബറിലായതിനാൽ ഒക്ടോബറിൽ കൂടുതൽ പ്രവൃത്തിദിനങ്ങൾ ലഭിച്ചതും ഉൽപ്പാദനം വേഗത്തിലാക്കാൻ സഹായിച്ചു.

ഒക്ടോബറിൽ ഗോൾഡ് ജ്വല്ലറി കയറ്റുമതി 48.20 ശതമാനം ഉയർന്ന് 1.26 ബില്യൺ ഡോളറിലെത്തി (12,017.78 കോടി രൂപ). ഇതിൽ രത്നങ്ങൾ പതിപ്പിച്ച സ്വർണാഭരണങ്ങളുടെ കയറ്റുമതി 67.30 ശതമാനത്തിന്റെ വൻ വർധനവ് രേഖപ്പെടുത്തിയപ്പോൾ, പ്ലെയിൻ ഗോൾഡ് ജ്വല്ലറി കയറ്റുമതി 17.54 ശതമാനം ഉയർന്നു.

പോളിഷ് ചെയ്ത ലാബ് ഗ്രോൺ ഡയമണ്ടുകളുടെ കയറ്റുമതിയിൽ 81.02 ശതമാനത്തിന്റെ വൻ വളർച്ചയുണ്ടായി. വെള്ളിയാഭരണങ്ങളുടെ കയറ്റുമതി 55.52 ശതമാനവും വർധിച്ചു. കട്ട് ആൻഡ് പോളിഷ്ഡ് ഡയമണ്ട് കയറ്റുമതി 10.50 ശതമാനം വർധിച്ച് 1.13 ബില്യൺ ഡോളറിലെത്തി.

2026 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ഏഴ് മാസക്കാലയളവിൽ ഇന്ത്യയുടെ മൊത്തം രത്ന, ആഭരണ കയറ്റുമതി 7.28 ശതമാനം വളർന്ന് 17.22 ബില്യൺ ഡോളറിലെത്തി (1,63,961.74 കോടി രൂപ). ഈ കാലയളവിൽ ഹോങ്കോങ്ങിലേക്കുള്ള കയറ്റുമതിയിൽ 18.80 ശതമാനവും അമേരിക്കയിലേക്കുള്ള കയറ്റുമതിയിൽ 14.87 ശതമാനവും വർധനവുണ്ടായി.

എന്നാൽ ഇന്ത്യയുടെ ഏറ്റവും വലിയ കയറ്റുമതി വിപണിയായ യു.എ.ഇയിലേക്കുള്ള കയറ്റുമതി 10.27 ശതമാനം കുറഞ്ഞത് വ്യവസായ മേഖലയിൽ അല്പം ആശങ്കയുണ്ടാക്കുന്നുണ്ട്.

നിലവിലെ മുന്നേറ്റം തടസ്സങ്ങളില്ലാതെ തുടരുകയാണെങ്കിൽ 202627 സാമ്പത്തിക വർഷത്തിൽ 10 ശതമാനം കയറ്റുമതി വളർച്ച കൈവരിക്കാനാകുമെന്നാണ് വ്യവസായ മേഖലയുടെ പ്രതീക്ഷ.



യുഎസ് ഫെഡറൽ റിസർവ് വായ്പാനയം ഡിസംബർ ഒമ്പതിന്

കൊച്ചി: ആഗോള സാമ്പത്തിക വിപണിയിലെ ചലനങ്ങൾക്കൊപ്പം സ്വർണവിലയിലും വലിയ മാറ്റങ്ങളാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അമേരിക്കൻ കേന്ദ്ര ബാങ്കായ യുഎസ് ഫെഡറൽ റിസർവിന്റെ വായ്പാനയ തീരുമാനങ്ങളാണ് നിലവിൽ സ്വർണ വിപണിയുടെ ഗതി നിർണയിക്കുന്ന പ്രധാനഘടകം.

ഫെഡറൽ റിസർവിന്റെ അടുത്ത നിർണായക യോഗം 2026 ഡിസംബർ എട്ട്, ഒമ്പത് തീയതികളിലാണ് ചേരുന്നത്. ഡിസംബർ ഒമ്പതിന് പ്രഖ്യാപിക്കുന്ന വായ്പാനയത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ് ആഗോള നിക്ഷേപകർ. സാധാരണഗതിയിൽ യുഎസ് ഫെഡറൽ റിസർവ് പലിശനിരക്ക് കുറയ്ക്കുമ്പോൾ സ്വർണവില ഉയരുകയും, പലിശനിരക്ക് ഉയർത്തുമ്പോൾ സ്വർണവില കുറയുകയുമാണ് ചെയ്യാറുള്ളത്. സ്വർണം നിക്ഷേപകർക്ക് നേരിട്ട് പലിശ നൽകാത്ത ആസ്തിയായതിനാൽ, അമേരിക്കൻ പലിശനിരക്കും ട്രഷറി ബോണ്ട് യീൽഡും ഉയരുമ്പോൾ നിക്ഷേപകർ സ്വർണത്തിൽ നിന്ന് പണം പിൻവലിച്ച് ബോണ്ടുകളിലേക്കും ഡോളറിലേക്കും മാറുന്നു. ഇതോടെ ഡോളർ ശക്തിപ്പെടുകയും അന്താരാഷ്ട്ര വിപണിയിൽ സ്വർണവില താഴേക്ക് പതിക്കുകയും ചെയ്യും.

2026 ജനുവരിയിൽ ഔൺസിന് 5,595 ഡോളർ എന്ന സർവകാല റെക്കോർഡ് നിരക്കിലേക്ക് എത്തിയ സ്വർണവില പിന്നീട് വലിയ തിരുത്തലുകൾക്ക് വിധേയമായിരുന്നു. പശ്ചിമേഷ്യൻ സംഘർഷങ്ങളെ തുടർന്ന് അസംസ്കൃത എണ്ണവില ബാരലിന് 120 ഡോളറിലേക്ക് കുതിച്ചതും തുടർന്നുണ്ടായ പണപ്പെരുപ്പ ഭീഷണിയുമാണ് ഫെഡറൽ റിസർവിനെ വീണ്ടും കർശന നിലപാടിലേക്ക് നയിച്ചത്.സെപ്റ്റംബറിൽ പലിശ നിരക്ക് 25 ബേസിസ് പോയിന്റ് ഉയർത്തി 3.75% നാല് ശതമാനം പരിധിയിൽ എത്തിച്ച ഫെഡ്, ഒക്ടോബർ യോഗത്തിൽ നിരക്കുകളിൽ മാറ്റം വരുത്തിയിരുന്നില്ല. എന്നാൽ ഡിസംബറിലെ യോഗത്തിൽ വീണ്ടും 25 ബേസിസ് പോയിന്റ് നിരക്ക് വർധനവുണ്ടാകുമെന്നാണ് വിപണി വിലയിരുത്തുന്നത്.വില ഇനിയും കുറയുമോ എന്ന ചോദ്യത്തിന് ഹ്രസ്വകാലയളവിൽ സ്വർണവിലയിൽ സമ്മർദം തുടരുമെന്നാണ് പ്രമുഖ ധനകാര്യ സ്ഥാപനങ്ങളുടെ വിലയിരുത്തൽ. നിലവിൽ സ്വർണത്തിന്റെ ഏറ്റവും വലിയ ശത്രു പശ്ചിമേഷ്യൻ വാർത്തകളല്ല, മറിച്ച് ഉയർന്ന ട്രഷറി യീൽഡും ഫെഡറൽ റിസർവിന്റെ പലിശ വർധനവ് സംബന്ധിച്ച പ്രതീക്ഷകളുമാണെന്ന് ഇൻവെസ്റ്റിങ് ലൈവ് റിപ്പോർട്ട് ചെയ്യുന്നു.ഫെഡ് പലിശനിരക്ക് ഉയർത്തുന്നത് തുടരുന്നിടത്തോളം കാലം സ്വർണത്തിന് വിപണിയിൽ പുതിയ വാങ്ങലുകാരെ കണ്ടെത്താൻ പ്രയാസമായിരിക്കുമെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



പുനരുപയോഗ ഊർജത്തിലൂടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കും: മന്ത്രി സണ്ണി ജോസഫ്

തിരുവനന്തപുരം: സംസ്ഥാനത്തെ മുഴുവൻ വൈദ്യുതി പ്രതിസന്ധിയും പുനരുപയോഗ ഊർജത്തിലൂടെ പരിഹരിക്കാനാകുമെന്ന് പരിസ്ഥിതി വകുപ്പ് മന്ത്രി സണ്ണി ജോസഫ്. ശ്രീകാര്യം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ നടന്ന 'സൊസൈറ്റി ഫോർ പാത്ത്വേയ്സ് ടു സസ്റ്റൈനബിലിറ്റി'യുടെ അഞ്ചാമത് വാർഷിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ആവശ്യമായതിന്റെ 30 ശതമാനത്തിൽ താഴെ വൈദ്യുതി മാത്രമാണ് നിലവിൽ ഉത്പാദിപ്പിക്കുന്നത്. എന്നാൽ സൗരോർജ ശേഷിയിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു. ലക്ഷക്കണക്കിന് കേരളീയ ഭവനങ്ങൾ ഇപ്പോൾ ഊർജ ഉപഭോക്താക്കൾ മാത്രമല്ല, ഉദ്പാദകർ കൂടിയാണ്. ഏറെ പ്രത്യേകതയുള്ളതാണ് സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്ര ഘടന.

കുന്നുകളിൽ പെയ്യുന്ന മഴ മണിക്കൂറുകൾക്കുള്ളിൽ താഴെ പട്ടണത്തിലെത്തുന്നു. സംസ്ഥാനത്തുണ്ടാകുന്ന പ്രകൃതിക്ഷോഭവും ഉരുൾപൊട്ടലും അപൂർവ സംഭവങ്ങളല്ല. ദുരന്താനന്തര ആവശ്യങ്ങൾക്കായുള്ള ചെലവ് ഭീമമാണ്. സംസ്ഥാന ബജറ്റിലും ഇത് പ്രതിഫലിക്കുന്നു.

പരിസ്ഥിതിക്കായുള്ള ജീവിതശൈലി ഉൾക്കൊണ്ട് സുസ്ഥിര വികസനത്തിനായുള്ള ധനസഹായ തന്ത്രങ്ങൾ എന്നതാണ് ഈ സമ്മേളനത്തിന്റെ പ്രമേയം. ധനകാര്യ തന്ത്രമില്ലാത്ത പദ്ധതി കേവലം ഉദ്ദേശപ്രഖ്യാപനം മാത്രമായി അവശേഷിക്കും. ബജറ്റിൽ കാലാവസ്ഥാ ചെലവുകൾ ടാഗ് ചെയ്യുന്നതിലൂടെ എന്ത് ചെലവഴിക്കുന്നു എന്ന് കൃത്യമായി അറിയാനാകും. അപ്രതീക്ഷിതമായ പ്രകൃതി ദുരന്തങ്ങളെ നേരിടാനുള്ള പണലഭ്യത ഉറപ്പാക്കണം. പൊതുസ്വകാര്യ പങ്കാളിത്തങ്ങൾ ഉൾപ്പെടുത്തി ഇ.എസ്.ഡി. നയങ്ങളും പങ്കാളിത്തങ്ങളും ശക്തിപ്പെടുത്തണം. പരിമിതമായ വരുമാനത്തിലും സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് കേരളം തെളിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, നളന്ദ സർവകലാശാല, 'സൊസൈറ്റി ഫോർ പാത്ത്വേയ്സ് ടു സസ്റ്റൈനബിലിറ്റി' എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ഡയറക്ടർ കെ ജെ ജോസഫ്, സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം ശ്രീധർ രാധാകൃഷ്ണൻ, മുരളി തുമ്മാരുകുടി, ഹരിയാന സെൻട്രൽ യൂണിവേഴ്സിറ്റിയിലെ രഞ്ജൻ അനേജ, കോഴിക്കോട് ഐഐഎം അസിസ്റ്റന്റ് പ്രൊഫസർ ശിൽപ സതീഷ് എന്നിവർ പങ്കെടുത്തു.



തദ്ദേശസ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ചുമതലയേറ്റു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനായി ജസ്റ്റിസ് (റിട്ട.) സി പ്രദീപ് കുമാർ ചുമതലയേറ്റു. ലോക്ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ ഓംപ്രകാശ് മാഥുർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി വി.ഡി. സതീശൻ സന്നിഹിതനായിരുന്നു. ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു. ചടങ്ങിന് ശേഷം പാളയം സാഫല്യം കോംപ്ലക്സിന്റെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെത്തി അദ്ദേഹം ചുമതലയേറ്റു.

വിഴിഞ്ഞത്തിന് കൈത്താങ്ങായി സർവീസ് ഹാർബർ

കോവളം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചതോടെ മേഖലയിൽ വർധിച്ചുവരുന്ന സമുദ്രസംബന്ധമായ സേവനങ്ങളുടെ ആവശ്യകത പരിഗണിച്ച് വിഴിഞ്ഞംകോവളം ചെറുകിട തുറമുഖത്തെ സർവീസ് ഹാർബറായി വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കുന്നു. ഇതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ സെക്രട്ടറിയും തുറമുഖ വകുപ്പ് സെക്രട്ടറിയുമായ ഡോ. രത്തൻ യു. കേൽക്കർ, കേരള മാരിടൈം ബോർഡ് സി.ഇ.ഒ യും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുമായ ജെറോമിക് ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥസംഘം തുറമുഖം സന്ദർശിച്ചു.

കേരള മാരിടൈം ബോർഡിന്റെ ഭരണനിയന്ത്രണത്തിലുള്ള വിഴിഞ്ഞംകോവളം ചെറുകിട തുറമുഖത്തെ നിലവിലുള്ള സൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും സംഘം വിലയിരുത്തി. മിഷൻ സമുദ്ര പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്ന വികസന പ്രവർത്തനങ്ങളുടെ സാധ്യതകളും പരിശോധിച്ചു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനത്തോടെ കപ്പലുകൾക്ക് ആവശ്യമായ അനുബന്ധ സേവനങ്ങളുടെ ആവശ്യകത വർധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഴിഞ്ഞംകോവളം ചെറുകിട തുറമുഖത്തെ ഫലപ്രദമായി വിനിയോഗിച്ച് ഒരു സർവീസ് ഹാർബർ വികസിപ്പിക്കാനാണ് കേരള മാരിടൈം ബോർഡ് ലക്ഷ്യമിടുന്നത്.

അന്താരാഷ്ട്ര കിഴക്കേപടിഞ്ഞാറൻ കപ്പൽപാതയിൽനിന്ന് ഏകദേശം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയുള്ള വിഴിഞ്ഞത്തിന് കപ്പലുകൾക്കാവശ്യമായ വിവിധ സേവനങ്ങൾ ഒരുക്കുന്നതിൽ വലിയ സാധ്യതകളാണുള്ളത്. കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കൽ, അറ്റകുറ്റപ്പണികൾ, കപ്പൽ ഉപകരണങ്ങളുടെയും അവശ്യവസ്തുക്കളുടെയും വിതരണം, ജീവനക്കാരെ മാറ്റുന്നതിനുള്ള സൗകര്യം, കപ്പലുകൾക്ക് താൽക്കാലികമായി നങ്കൂരമിടുന്നതിനുള്ള സൗകര്യം തുടങ്ങിയവ സർവീസ് ഹാർബറിലൂടെ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. സർവീസ് ഹാർബർ പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്ത് കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമി വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പരിഗണനയിലുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുബന്ധമായി മേഖലയിലെ സമുദ്രസേവന അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ സേവനമേഖലകൾക്ക് വഴിയൊരുക്കുന്നതിനും നിർദിഷ്ട പദ്ധതി സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.



സൊസൈറ്റി ടുഡേ SOCIETY TODAY

തെയ്യത്തെ കുറിച്ച് പ്രബന്ധം അവതരിപ്പിക്കാൻ രാജേഷ് കോമത്ത് ഇറ്റലിയിൽ

കോട്ടയം: ഇറ്റലിയിലെ വെറോനാ സർവകലാശാലയിൽ നവംബർ 19 മുതൽ 21 വരെ നടക്കുന്ന രാജ്യാന്തര സമ്മേളനത്തിൽ പങ്കെടുക്കാൻ മഹാത്മാഗാന്ധി സർവകലാശാല സാമൂഹികശാസ്ത്ര പഠനവിഭാഗം പ്രൊഫസറും സിൻഡിക്കേറ്റ് അംഗവുമായ ഡോ. രാജേഷ് കോമത്തിന് ക്ഷണം. വെറോണ സർവകലാശാലയിലെ സ്കെനെറിസർച്ച് സെന്റർ സംഘടിപ്പിക്കുന്ന 'തിയേറ്റർ ആൻഡ് ആന്ത്രപ്പോളജി' എന്ന സമ്മേളനത്തിലാണ് രാജേഷ് തെയ്യത്തെ ആസ്പദമാക്കിയുള്ള പ്രബന്ധം അവതരിപ്പിക്കുന്നത്.

തലശ്ശേരി കൂരാറ ഗ്രാമത്തിൽ ജനിച്ച രാജേഷ് കോമത്ത് തെയ്യം കലാകാരനും നരവംശശാസ്ത്ര ഗവേഷകനുമാണ്. തെയ്യത്തിലൂടെയും തെയ്യം കെട്ടുകാരുടെ ജീവിതത്തിലൂടെയും കേരളീയ സാമൂഹിക ജീവിതത്തിന്റെ വിവിധ തലങ്ങൾ അനാവരണം ചെയ്യുന്ന 'നാട്ടുദൈവങ്ങൾ സംസാരിച്ചു തുടങ്ങുമ്പോൾ' എന്ന കൃതിയുടെ രചയിതാവ് കൂടിയാണ് രാജേഷ്.

അധ്യാപക നിയമനം; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ സ്കൂളുകളിലായി അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലെ നിയമനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. മുൻ വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

www.facutlyrecruitment.mgu.ac.in വഴി ഡിസംബർ 17നകം ഓൺലൈനായി അപേക്ഷിക്കണം. രേഖകൾ സഹിതമുള്ള അപേക്ഷയുടെ പകർപ്പുകൾ ഡിസംബർ 31നകം സർവകലാശാലയിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക് www.mgu.ac.in സന്ദർശിക്കുക.

കോഴ്സ് മെന്റർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനിൽ ഓൺലൈൻ ബി.ബി.എ. ഓണേഴ്സ് പ്രോഗ്രാമിലേക്ക് കരാറടിസ്ഥാനത്തിൽ കോഴ്സ് മെന്ററുടെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ബന്ധപ്പെട്ട വിഷയത്തിൽ കുറഞ്ഞത് 55% മാർക്കോടെയുള്ള ബിരുദാനന്തരബിരുദവും നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡി യുമാണ് യോഗ്യത. പ്രതിമാസ വേതനം 40,000. പ്രായപരിധി 2026 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത് (നിയമാനുസൃത ഇളവുകൾ ബാധകം). പ്രാരംഭ കരാർ കാലാവധി ഒരു വർഷമാണ് (പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ 2 വർഷം കൂടി ദീർഘിപ്പിക്കാം). നിശ്ചിത അപേക്ഷാഫോറവും അനുബന്ധ രേഖകളുടെ സ്കാൻ ചെയ്ത പകർപ്പുകളും സഹിതം നവംബർ 28 വരെ recruitmentada7@mgu.ac.in എന്ന ഇമെയിലിലേക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്.

പുനഃസംഘടിപ്പിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ (20252026) പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം നവംബർ 19ന് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യൂണിയൻ കൗൺസിലർമാരുടെ നിർദ്ദിഷ്ട പ്രൊഫോർമകൾ, നാളിതുവരെ സർവ്വകലാശായിൽ സമർപ്പിക്കാത്ത കോളേജുകൾ, ഉടൻ തന്നെ സർവ്വകലാശാലയിലെ ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്.

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആൻഡ് മാനേജ്മെൻറ്, ഫാഷൻ ടെക്നോളജി, ഫാഷൻ ടെക്നോളജി ആൻഡ് മെർച്ചൻഡൈസിംഗ് (പുതിയ സ്കീം2024 അഡ്മിഷൻ റഗുലർ, 2020 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റ്ഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽഎൽബി (2025 അഡ്മിഷൻ റഗുലർ, 2021, 2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2018, 2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഡിസംബർ 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 2 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 3 വരെയും അപേക്ഷ സ്വീകരിക്കും.

പരീക്ഷാകേന്ദ്രം അനുവദിച്ചു

നവംബർ 25 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ, എം. എസ്.സി., എം കോം. (പിജിസിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2020,2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷയുടെ വിജ്ഞാപനം സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

നവംബർ 23 മുതൽ ഹാൾടിക്കറ്റുകൾ സെന്ററുകളിൽ നിന്ന് ലഭ്യമാകും. വിദ്യാർത്ഥികൾ, രജിസ്റ്റർ ചെയ്ത സെന്ററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം

സിഐഐ കേരള എച്ച്ആർ കോൺക്ലേവ് 2026 നവംബർ 24ന് കൊച്ചിയിൽ

കൊച്ചി: കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) കേരള സംഘടിപ്പിക്കുന്ന 'സിഐഐ കേരള എച്ച്ആർ കോൺക്ലേവ് 2026' നവംബർ 24ന് കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ നടക്കും. 'ബിസിനസ് വളർച്ചയുടെ കേന്ദ്രബിന്ദുവായി എച്ച്ആർ: വളർച്ചയ്ക്ക് വേഗമേകാം, എഐയിലൂടെ മുന്നേറാം, ശേഷി വികസിപ്പിക്കാം' എന്ന പ്രമേയത്തിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കേരള തൊഴിൽ വകുപ്പ് മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ മുഖ്യാതിഥിയായി പങ്കെടുക്കും. സിഐഐ കേരള ചെയർമാൻ ജോസഫ് എം. കള്ളിവയലിൽ, വൈസ് ചെയർമാൻ സന്തോഷ് കുമാർ, ഐഐഎം കോഴിക്കോട്ടെ പ്രൊഫ. ടി.എൻ. കൃഷ്ണൻ, മറ്റ് വ്യവസായമാനവ വിഭവശേഷി രംഗത്തെ പ്രമുഖർ എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) അധിഷ്ഠിത മാറ്റങ്ങൾ, നൈപുണ്യ വികസനം, സ്ഥാപനങ്ങളുടെ വളർച്ച എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോൺക്ലേവിൽ ചർച്ച ചെയ്യും.



ശബരിമല തീർഥാടനം: സത്രം വഴിയുള്ള കാനന യാത്രയ്ക്ക് തുടക്കം

ശബരിമല: സത്രം വഴി പരമ്പരാഗത കാനനപാതയിലൂടെയുള്ള ശബരിമല തീർഥാടനയാത്രയ്ക്ക് തുടക്കം. രാവിലെ ഏഴരയ്ക്ക് അഴുത ഫോറസ്റ്റ് സെക്ഷൻ ഓഫീസിനു മുന്നിൽ തയ്യാറാക്കിയ കൗണ്ടറിലെ പരിശോധനകൾക്കു ശേഷം ആദ്യ സംഘം മല കയറി.

പീരുമേട് എം.എൽ.എ സിറിയക് തോമസ്, വനം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഐ.എസ്. സുരേഷ്ബാബു, അഴുത റേഞ്ച് ഓഫീസർ ഡി. ബെന്നി എന്നിവരുടെ നേതൃത്വത്തിൽ ആദ്യ സംഘത്തെ യാത്രയാക്കി.

സത്രം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിനു സമീപം തയ്യാറാക്കിയ പന്തലിൽ നിന്ന് നിന്ന് ടോക്കൺ നൽകിയാണ് കാനനപാതയിലേക്ക് കടത്തിവിടുന്നത്. ആദ്യ മണിക്കൂറിൽ തന്നെ അറുനൂറിലധികം അയ്യപ്പ ഭക്തർക്ക് ടോക്കൺ നൽകി.

പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുപോകാൻ അനുവദിക്കില്ല. സാനിറ്റൈസർ പോലുള്ള വസ്തുക്കളും അനുവദിക്കില്ല.

കാനന പാതയിലൂടെയുള്ള പ്രധാന കേന്ദ്രങ്ങളും ലഭ്യമായ സേവനങ്ങളും വ്യക്തമാക്കുന്ന അച്ചടിച്ച റൂട്ട് മാപ്പും ഭക്തർക്ക് നൽകും .

സന്നിധാനത്തേക്ക് പോകുന്ന അയ്യപ്പഭക്തർക്കായി വിപുലമായ സൗകര്യങ്ങളും സുരക്ഷാ ക്രമീകരണങ്ങളുമാണ് ഒരുക്കിയിട്ടുള്ളത്.

തീർഥാടകരുടെ സുരക്ഷിതവും സുഗമവുമായ യാത്ര ഉറപ്പാക്കുന്നതിനായി വനം, പോലീസ്, ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ നേതൃത്വത്തിലാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

സത്രം, പുൽമേട്, കാനനപാത എന്നിവിടങ്ങളിൽ വനംവകുപ്പ് ഉദ്യാഗസ്ഥരുടെയും പോലീസിന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ പാതയിലൂടെ സഞ്ചരിച്ച് വന്യമൃഗ ശല്യം ഇല്ലെന്ന് ഉറപ്പാക്കിയ ശേഷമാണ് തീർഥാടകരെ കടത്തി വിടുന്നത്. തീർഥാടകരെ സഹായിക്കാൻ പാതയിലുടനീളം ഇക്കാ ഗാർഡുമാരെയും നിയോഗിച്ചിട്ടുണ്ട്.

കാനനപാതകളിലെ ശുചീകരണം, യാത്രാതടസ്സങ്ങൾ നീക്കം ചെയ്യൽ, അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ്-ദിശാ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള മുൻകരുതൽ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

കാനനപാതയിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സത്രം-പുൽമേട്-കരിമല മേഖലകളിൽ വനം വകുപ്പിന്റെ സർവീസ് പോയിന്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

സത്രം മേഖലയിലെ താൽക്കാലിക ഡിസ്പെൻസറി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, പുൽമേട്ടിലെ മെഡിക്കൽ സേവനങ്ങൾ എന്നിവയിലൂടെ തീർഥാടകർക്ക് ആരോഗ്യസഹായം ലഭ്യമാക്കും.

യാത്രയ്ക്കിടയിൽ ആശയവിനിമയ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി സത്രം ഉൾപ്പെടെയുള്ള കാനനപാതയിലെ വിവിധ കേന്ദ്രങ്ങളിൽ വി.എച്ച്.എഫ് ആശയവിനിമയ സംവിധാനവും ഒരുക്കിയിട്ടുണ്ട്. വനംവകുപ്പിന്റെ ആർ.ആർ.ടി., സർപ്പ ടീം, ഇക്കോ ഗാർഡുകൾ എന്നിവരുടെ സേവനവും ലഭിക്കും.

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി കാനനപാതയിൽ മാലിന്യ ശേഖരണത്തിനും തരംതിരിച്ചുള്ള സംസ്കരണത്തിനും സംവിധാനമൊരുക്കിയിട്ടുണ്ട്. ഹരിതചട്ടം കർശനമായി പാലിക്കും. മേഖലയിലെ വ്യാപാര സ്ഥാപനങ്ങളിലും താൽക്കാലിക കടകളിലും 2026 നവംബർ 15 മുതൽ 2027 ജനുവരി 15 വരെ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെയും കുപ്പികളുടെയും വിൽപ്പനയും ഉപയോഗവും നിരോധിച്ചിട്ടുണ്ട്.

കെ.കെ. റോഡിൽ വാളാർഡിയിലും വണ്ടിപ്പെരിയാറിലുമാണ് ഇത്തവണ സ്പോട്ട് ബുക്കിംഗ് കേന്ദ്രം പ്രവർത്തിക്കുക. വാളാർഡിയിൽ വിശാലമായ പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരക്കേറുന്നതനുസരിച്ച് ഇവിടെ കൂടുതൽ സ്വകര്യങ്ങൾ ഒരുക്കും. കാനനപാതയിലൂടെ യാത്ര ചെയ്യുന്ന ഭക്തർ അധികൃതരുടെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും വനമേഖലയിൽ മാലിന്യങ്ങൾ വലിച്ചെറിയാതെയും വന്യജീവികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെയും പരിസ്ഥിതി സൗഹൃദ തീർഥാടനം ഉറപ്പാക്കണമെന്നും അധികൃതർ അഭ്യർഥിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി കൺവെൻഷൻ ഇന്നുമുതൽ

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളേജ് 75 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി പ്ലാറ്റിനം ജൂബിലി കൺവെൻഷൻ 2026 നവംബർ 20, 21, 22 തീയതികളിൽ നടക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡയമണ്ട് ജൂബിലി അലുമ്നി ഓഡിറ്റോറിയത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. മെഡിക്കൽ രംഗത്തെ നൂതന മുന്നേറ്റങ്ങൾ, ഗവേഷണം, ആരോഗ്യ പരിപാലനത്തിലെ പുതിയ പ്രവണതകൾ, ഭാവിയിലെ ആരോഗ്യ രംഗത്തിന്റെ സാധ്യതകൾ എന്നിവ ചർച്ച ചെയ്യുന്ന അക്കാദമിക് കോൺക്ലേവും കൺവെൻഷന്റെ ഭാഗമായി നടക്കും. 'ഭൂതകാലത്തെ ആദരിക്കുക, വർത്തമാനത്തെ ആഘോഷിക്കുക, ഭാവിയെ രൂപപ്പെടുത്തുക' എന്നതാണ് പരിപാടിയുടെ പ്രമേയം. തിരുവനന്തപുരം മെഡിക്കൽ കോളേജ് അലുമ്നി അസോസിയേഷൻ, ടീച്ചേഴ്സ് അസോസിയേഷൻ, സ്റ്റുഡൻസ് യൂണിയൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

നവംബർ 20ന് ഉച്ചയ്ക്ക് 2.15ന് 'ടി.എം.സി വിഷൻ 2030' എന്ന വിഷയത്തിൽ സെമിനാറോടെ അക്കാദമിക് പരിപാടികൾക്ക് തുടക്കമാകും. മെഡിക്കൽ കോളേജിന്റെ പാരമ്പര്യവും ഭാവിവികസനവും പൂർവവിദ്യാർഥികളുടെ സംഭാവനകളും ചർച്ചയാകും. വൈകിട്ട് 5.30ന് ഉദ്ഘാടനവും പുരസ്കാരദാന ചടങ്ങും നടക്കും. തുടർന്ന് സാംസ്കാരിക പരിപാടികളും വിരുന്നും ഉണ്ടായിരിക്കും.

ടി.എം.സി വിഷൻ സെമിനാറിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ മുഖ്യരക്ഷാധികാരിയാകും. ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ, ശശി തരൂർ എംപി, വി. മുരളീധരൻ എം.എൽ.എ എന്നിവർ വിശിഷ്ടാതിഥികളാകും. തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ. വി.വി. രാജേഷ്, കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. എന്നിവരും ചടങ്ങിൽ വിശിഷ്ടാതിഥികളായിരിക്കും.

തിരുവനന്തപുരം മെഡിക്കൽ കോളേജ് അലുമ്നി അസോസിയേഷൻ മുൻ പ്രസിഡന്റും കിംസ് ഹെൽത്തിന്റെ ചെയർമാനുമായ ഡോ. എം.ഐ. സഹദുള്ള ടി.എം.സി വിഷൻ 2030' എന്ന സെമിനാറിൻറെ അധ്യക്ഷത വഹിക്കും. പ്ലാനിങ് ബോർഡ് അംഗം ഡോ. എസ്.എസ്. ലാൽ വൈസ് ചെയർമാനായിരിക്കും. ഡോ. തോമസ് മാത്യു, ഡോ. കവിത രവി, ഡോ. ശ്രീജിത്ത് എൻ. കുമാർ, ഡോ. ഷിബു ആർ. എന്നിവർ കോഓർഡിനേറ്റർമാരായി പ്രവർത്തിക്കും.

നവംബർ 21ന് മെഡിക്കൽ എത്തിക്സ്, രക്താർബുദ ചികിത്സയിലെ പുതിയ മുന്നേറ്റങ്ങൾ, വയോജന ആരോഗ്യനയം, ഓങ്കോളജി, പ്രായപൂർത്തിയായവർക്കുള്ള വാക്സിനേഷൻ, പ്രോസ്റ്റേറ്റ് കാൻസർ, ക്ഷയരോഗ നിയന്ത്രണം, സ്ട്രോക്ക് ചികിത്സ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ പ്രഭാഷണങ്ങൾ നടത്തും. കേരളത്തിന്റെ ആരോഗ്യപരിപാലന മാതൃക, സർക്കാർ കേന്ദ്രീകൃത മെഡിക്കൽ ഇൻഷുറൻസ് സംവിധാനം, ഇടത്തരം ആശുപത്രികളുടെ സാധ്യതകൾ, യുവ ഡോക്ടർമാരുടെ പങ്ക് തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്യും.

രാവിലെ 11 മണിക്ക് നടക്കുന്ന അവാർഡ് വിതരണ ചടങ്ങിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല മുഖ്യാതിഥി ആയിരിക്കും. വൈകിട്ട് 6 മുതൽ കവടിയാർ ഉദയ് പാലസിൽ സാംസ്കാരിക സായാഹ്നം സംഘടിപ്പിക്കും. നവംബർ 22ന് മെഡിക്കൽ ഗവേഷണം, ജനിതക പരിശോധനയും ചികിത്സയും, നൂതന ആരോഗ്യ ഉപകരണങ്ങൾ, ഹെയർ ട്രാൻസ്പ്ലാന്റേഷൻ, തിമിര ശസ്ത്രക്രിയ, റോബോട്ടിക് സർജറി, ഹൃദ്രോഗ ചികിത്സ, കാൻസർ ചികിത്സയിലെ പുതിയ രീതികൾ, ഗർഭകാല പരിചരണം തുടങ്ങിയ വിഷയങ്ങളിലാണ് അക്കാദമിക് സെഷനുകൾ.

ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായും പ്രിൻസ് ആദിത്യ വർമ്മ വിശിഷ്ടാതിഥിയായും പങ്കെടുക്കുന്ന പുരസ്കാരദാന ചടങ്ങും അന്നേ ദിവസം നടക്കും. അലുമ്നി അസോസിയേഷൻ പ്രസിഡൻറ് ഡോ. സി. ജോൺപണിക്കർ, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് പ്രൊഫസർ ഡോ. തോമസ് മാത്യു, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ !ഡോ. രഞ്ജു രവീന്ദ്രൻ, അലുമ്നി അസോസിയേഷൻ സെക്രട്ടറി ഡോ. കവിത രവി, ഡോ. ഗിരിജ കുമാരി, വൈസ് പ്രസിഡൻറ് ഡോ. ദിനേശ് കെ., കോളേജ് യൂണിയൻ സെക്രട്ടറി ആഫ്ന എന്നിവർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള സ്കിൽ ലാബ്, ഇന്ത്യയിലെ ആദ്യ മെഡിക്കൽ ഹിസ്റ്ററി മ്യൂസിയം എന്നിവ ഉൾപ്പെടുന്ന അമിനിറ്റി സെൻറർ 15 കോടി മുടക്കി നിർമ്മിച്ച് സമർപ്പിക്കുമെന്ന് മെഡിക്കൽ കോളേജ് അലുമ്നി അസോസിയേഷൻ പ്രസിഡൻറ് ഡോ. സി. ജോൺപണിക്കർ അറിയിച്ചു.

ഡോക്ടർമാർക്കും ആരോഗ്യരംഗത്തെ വിദഗ്ധർക്കും പൂർവവിദ്യാർഥികൾക്കും അധ്യാപകർക്കും വിദ്യാർഥികൾക്കും ഒത്തുചേരാനും അനുഭവങ്ങളും അറിവുകളും പങ്കുവയ്ക്കാനുമുള്ള വേദിയായിരിക്കും പ്ലാറ്റിനം ജൂബിലി കൺവെൻഷൻ. രജിസ്ട്രേഷനും അന്വേഷണങ്ങൾക്കും 94470 24807 എന്ന നമ്പറിലും tvmmca-lumni@gmail.com എന്ന ഇ മെയിലിലും ബന്ധപ്പെടാം.





ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ റെബൽ 500ന്റെ വില പ്രഖ്യാപിച്ചു

ഗുരുഗ്രാം: ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) പുതിയ ഹോണ്ട റെബൽ 500 ന്റെ വിലകൾ പ്രഖ്യാപിച്ചു. 2026 ജൂലൈയിൽ എച്ച്എംഎസ്ഐയുടെ വികസിപ്പിച്ച 10ഉൽപ്പന്ന പോർട്ട്ഫോളിയോയുടെ ഭാഗമായി അനാച്ഛാദനം ചെയ്ത റെബൽ 500, ഇന്ത്യൻ ഉപഭോക്താക്കൾക്കുള്ള ലൈഫ്സ്റ്റൈൽ മോട്ടോർസൈക്കിൾ ഓഫർ ശക്തിപ്പെടുത്തുന്നതിനൊപ്പം, ഇന്ത്യയിലെ ഹോണ്ടയുടെ പ്രാദേശിക വൽക്കരണ യാത്രയിലെ മറ്റൊരു ചുവടുവയ്പ്പാണ്.

ഹോണ്ട റെബൽ 500 ന്റെ സ്റ്റാൻഡേർഡ് വേരിയന്റിന് 4,49,900 രൂപയും, ഇക്ലച്ച് വേരിയന്റിന് 4,89,900 രൂപയുമാണ് വില (എക്സ്ഷോറൂം, ബെംഗളൂരു). ഇന്ത്യയിൽ നിർമ്മിച്ച പുതിയ റെബൽ 500, ഹോണ്ടയുടെ ആഗോളതലത്തിൽ സ്ഥാപിതമായ ക്രൂയിസർ പ്ലാറ്റ്ഫോമിനെ ഇന്ത്യൻ ഉപഭോക്താക്കൾക്ക് കൂടുതൽ ആക്സസ് ചെയ്യാൻ കഴിയുന്നതാക്കുന്നു, അതേസമയം അതിന്റെ ആധികാരിക റെബൽ സ്വഭാവവും ആഗോളതലത്തിൽ തെളിയിക്കപ്പെട്ട റൈഡിംഗ് അനുഭവവും നിലനിർത്തുന്നു.

രാജ്യത്തുടനീളമുള്ള അംഗീകൃത ഹോണ്ട ബിഗ്വിംഗ് ഡീലർഷിപ്പുകൾ വഴി മാത്രമേ റെബൽ 500 ലഭ്യമാകൂ. എച്ച്എംഎസ്ഐ വെബ്സൈറ്റ് വഴിയും ഹോണ്ട ബിഗ്വിംഗ് ഡീലർ നെറ്റ്വർക്ക് വഴിയും 5,000 രൂപയ്ക്ക് ബുക്കിംഗ് ഇപ്പോൾ തുറന്നിരിക്കുന്നു.

താഴ്ന്ന ഉയരത്തിലുള്ള സ്റ്റാൻസ്, മിനിമലിസ്റ്റ് സ്റ്റൈലിംഗ്, വ്യത്യസ്തമായ ക്രൂയിസർ സ്വഭാവം എന്നിവയാൽ ഹോണ്ട റെബൽ 500 ഇന്ത്യൻ റൈഡറുകളിലേക്ക് ഹോണ്ടയുടെ ആഗോള ക്രൂയിസർ ഐഡന്റിറ്റി കൊണ്ടുവരുന്നു. 471 സിസി ലിക്വിഡ് കൂൾഡ്, പാരലൽട്വിൻ എഞ്ചിൻ നൽകുന്ന ഇത്, നഗര യാത്രകൾക്കും, വാരാന്ത്യ ടൂറിംഗിനും, ദീർഘദൂര യാത്രകൾക്കും ശക്തമായ ടോർക്കും സുഗമമായ പ്രകടനവും നൽകുന്നു.

ഭാരത്ഷോഷ് പോർട്ടലിൽ ഇനി ബാങ്ക് ഓഫ് ഇന്ത്യയുടെ സേവനവും

കൊച്ചി: കേന്ദ്ര സർക്കാരിനു കീഴിലുള്ള വിവിധ മന്ത്രാലയങ്ങളിലേക്കും വകുപ്പുകളിലേക്കും പൊതുജനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കാനുള്ള ഏകീകൃത സംവിധാനമായ ഭാരത്ഷോഷ് പോർട്ടലിൽ ഇനി മുതൽ ബാങ്ക് ഓഫ് ഇന്ത്യയുടെ സേവനവും ലഭിക്കും.

പൊതുജനങ്ങൾക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് അടക്കേണ്ട ഫീസ്, പിഴ തുക, കുടിശിക എന്നിവ ഭാരത്ഷോഷ് പോർട്ടലിലെ ബാങ്ക് ഓഫ് ഇന്ത്യയുടെ 'പേയ്മെന്റ് ഗേറ്റ് വേ' വഴി അടക്കാം. ഫീസും മറ്റു നികുതി ഇതര വരുമാനവും സ്വീകരിക്കുന്നതിനായി പ്രവർത്തിക്കുന്ന ഭാരത്ഷോഷ് പോർട്ടൽ ധന വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. രാജ്യത്തിന്റെ ഡിജിറ്റൽ സമ്പദ്വ്യവസ്ഥയ്ക്ക് കരുത്തേകുകയെന്ന കേന്ദ്ര സർക്കാരിന്റെ ലക്ഷ്യത്തിന് പിന്തുണയേകുകയാണ് ഭാരത്ഷോഷ് പോർട്ടലിൽ ബാങ്കിന്റെ പേയ്മെന്റ് സംവിധാനം ഉൾപ്പെടുത്തുന്നതിലൂടെ ബാങ്ക് ഓഫ് ഇന്ത്യ ചെയുന്നത്. ഗവൺമെന്റ് ബിസിനസ് പോർട്ട്ഫോളിയോ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ സേവനം ഒരുക്കിയിരിക്കുന്നതെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

ലുലു ബ്യൂട്ടി ഫെസ്റ്റ് 2026 ന് നവംബർ 25ന് തുടക്കമാകും; രജിസ്ട്രേഷൻ ആരംഭിച്ചു

കൊച്ചി: ഫിയാമ എൻഗേജ് അവതരിപ്പിക്കുന്ന ലുലു ബ്യൂട്ടി ഫെസ്റ്റ് 2026ന് ലുലുമാളിൽ നവംബർ 25ന് തുടക്കമാകും. ഡിസംബർ 6 വരെയാണ് ബ്യൂട്ടി ഫെസ്റ്റ് നടക്കുക. ദി ഡെർമാ, യാർഡ്ലി എന്നീ ബ്രാൻഡുകളാണ് പവേർഡ് ബൈ പാർട്ണർ. ലുലു നിവ്യാ ബ്യൂട്ടി കീൻ, ലുലു റോയൽ മിറേജ് മാൻ ഓഫ് ദി ഇയർ മത്സരങ്ങളിൽ 18 വയസിനും 30 വയസിനും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്ക് പങ്കെടുക്കാം. 4 ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് വിജയികൾക്ക് സമ്മാനിക്കും. W.W.W.lulubeatuyfest.in എന്ന വെബ്സൈറ്റ് വഴിയും 7306112502, 7306112600 എന്നീ നമ്പരുകൾ വഴിയും രജിസ്റ്റർ ചെയ്യാം.

20ന് പാലക്കാട് ലുലുമാളിലും 23ന് കൊച്ചി ലുലുമാളിലും ഒഡീഷൻ നടക്കും. നവംബർ 21 വരെ രജിസ്റ്റർ ചെയ്യാം. ബ്യൂട്ടി ഫെസ്റ്റ് നടക്കുന്ന നവംബർ 25 മുതൽ ഡിസംബർ 6 വരെ എല്ലാ ബ്രാൻഡഡ് ബ്യൂട്ടി പ്രൊഡക്റ്റ്സുകൾക്കും 50 ശതമാനം വരെ വിലക്കുറവ് ലഭിക്കും.



സച്ചിൻ, ഗ്ലെൻ മഗ്രാത്ത്, ഹർഭജൻ സിംഗ് എന്നിവർ ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റലിന്റെ പരസ്യചിത്രത്തിൽ

മുംബൈ: പ്രമുഖ നേത്രചികിത്സാ ശൃംഖലയായ ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റലിന്റെ പുതിയ ടെലിവിഷൻ പരസ്യചിത്രത്തിൽ സച്ചിൻ ടെൻഡുൽക്കർ, ഗ്ലെൻ മഗ്രാത്ത്, ഹർഭജൻ സിങ് എന്നിവർ ഒരുമിക്കുന്നു. നർമവും അപ്രതീക്ഷിത വഴിത്തിരിവുകളും കോർത്തിണക്കിയ പരസ്യചിത്രം കാഴ്ചയിലെ മാറ്റങ്ങൾ അവഗണിക്കാതെ കൃത്യസമയത്ത് നേത്രപരിശോധന നടത്തേണ്ടതിന്റെ പ്രാധാന്യമാണ് മുന്നോട്ടുവെക്കുന്നത്.

സച്ചിനും മഗ്രാത്തും തമ്മിലുള്ള ക്രിക്കറ്റ് മൈതാനത്തെ സൗഹൃദസംഭാഷണങ്ങളും ഹർഭജന്റെ തമാശകളും ഉൾപ്പെടുത്തിയതാണ് പരസ്യത്തിന്റെ പ്രമേയം. ആശുപത്രിയുടെ ബ്രാൻഡ് അംബാസഡറാണ് സച്ചിൻ ടെൻഡുൽക്കർ.

കാഴ്ചയിൽ വ്യത്യാസം അനുഭവപ്പെട്ടാൽ പരിശോധന വൈകിക്കരുതെന്ന സന്ദേശമാണ് ഇതിലൂടെ നൽകുന്നതെന്ന് ആശുപത്രി ചെയർമാൻ പ്രൊഫ. ഡോ. അമർ അഗർവാൾ പറഞ്ഞു.

സൊസൈറ്റി ടുഡേ SOCIETY TODAY

ഇന്ത്യ–ജി.സി.സി സ്വതന്ത്ര വ്യാപാര കരാർ വ്യാപാരനിക്ഷേപ മേഖലകളിൽ വലിയ മാറ്റം കൊണ്ടുവരും: ജി. വി. ശ്രീനിവാസ്

കൊച്ചി: ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ സ്വതന്ത്ര വ്യാപാര കരാർ ആഴത്തിലുള്ള സാമ്പത്തിക ഏകീകരണത്തിനും വിപുലമായ വിപണി പ്രവേശനത്തിനും ശക്തമായ നിക്ഷേപ പ്രവാഹത്തിനും സുസ്ഥിരമായ വിതരണ ശൃംഖലകൾക്കും ഉത്തേജകമായി പ്രവർത്തിക്കുമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ജി. വി. ശ്രീനിവാസ് അഭിപ്രായപ്പെട്ടു. കൊച്ചി താജ് വിവാന്തയിൽ 'കൊച്ചി ഡയലോഗ് 2026'ന്റെ രണ്ടാം പതിപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗിനെ പ്രതിനിധീകരിച്ച് സംസാരിച്ച അദ്ദേഹം, ഇന്ത്യ-ജി.സി.സി ബന്ധത്തെ കേവലം വ്യാപാരഊർജ്ജ അധിഷ്ഠിത പങ്കാളിത്തത്തിൽ നിന്ന് സാങ്കേതികവിദ്യ, നവീകരണം, കണക്റ്റിവിറ്റി, പ്രാദേശിക സുരക്ഷ എന്നിവ ഉൾക്കൊള്ളുന്ന വിശാലമായ തന്ത്രപ്രധാന സഹകരണമാക്കി മാറ്റുന്നതിനുള്ള കാഴ്ചപ്പാട് അവതരിപ്പിച്ചു. നിർദ്ദിഷ്ട ഇന്ത്യ-ജി.സി.സി സ്വതന്ത്ര വ്യാപാര കരാറിന്റെ പരിഗണനാ വിഷയങ്ങൾക്ക് അംഗീകാരമായതായും ചർച്ചകൾ ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. 'ഇന്ത്യ-ജി.സി.സി സ്വതന്ത്ര വ്യാപാര കരാറിനെ ഒരു സാധാരണ വ്യാപാര കരാറായി മാത്രമല്ല ഞങ്ങൾ കാണുന്നത്. ആഴത്തിലുള്ള സാമ്പത്തിക ഏകീകരണം, മികച്ച വിപണി ലഭ്യത, വ്യാപാര വൈവിധ്യവൽക്കരണം, ശക്തമായ നിക്ഷേപ പ്രവാഹം, സുസ്ഥിരമായ വിതരണ ശൃംഖലകൾ എന്നിവയ്ക്കുള്ള ഒരു ചാലകശക്തിയായി ഇതിന് മാറാൻ കഴിയും,' അദ്ദേഹം പറഞ്ഞു.

'നൂതനവും സംയോജിതവുമായ ഇന്ത്യ-ജി.സി.സി പങ്കാളിത്തത്തിലേക്ക്' എന്ന പ്രമേയത്തിൽ നവംബർ 18 മുതൽ 20 വരെ നടക്കുന്ന ത്രിദിന കൊച്ചി ഡയലോഗ് 2026ൽ ഇന്ത്യയിലെയും ജി.സി.സി രാജ്യങ്ങളിലെയും നയതന്ത്രജ്ഞർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, നയരൂപീകരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, തന്ത്രപ്രധാന മേഖലയിലെ വിദഗ്ധർ എന്നിവർ പങ്കെടുക്കുന്നു. കൊച്ചി ആസ്ഥാനമായുള്ള സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് , കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ പോളിസി പ്ലാനിംഗ് & റിസർച്ച് ഡിവിഷനുമായി സഹകരിച്ചാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. നയപരമായ ചർച്ചകളിലൂടെയും സ്ഥാപനപരമായ ഇടപെടലുകളിലൂടെയും തന്ത്രപ്രധാനവും സാമ്പത്തികവുമായ സഹകരണം മുന്നോട്ട് കൊണ്ടുപോകുകയാണ് ഈ സംവാദത്തിന്റെ ലക്ഷ്യം.

കണ്ണൂരിൽ 'ഡയഗ്നോസ്റ്റിക് കോൺ അവതരിപ്പിച്ച് അപ്പോളോ

കൊച്ചി: മികച്ച രോഗീപരിചരണം ലക്ഷ്യമിട്ട് ചികിത്സാ വൈദഗ്ധ്യത്തെയും ആധുനിക രോഗനിർണ്ണയ നവീകരണത്തെയും ഒന്നിപ്പിക്കുന്ന 'ഡയഗ്നോസ്റ്റിക് കോണിന്റെ' കേരളത്തിലുള്ള തെളിവധിഷ്ഠിത രോഗനിർണ്ണയവും അനിവാര്യമാണെന്നും, ഏറ്റവും പുതിയ രോഗനിർണ്ണയ അറിവുകളിലൂടെ ഡോക്ടർമാരെ ശാക്തീകരിച്ച് സ്ത്രീകളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുകയാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നതെന്നും അപ്പോളോ ഹെൽത്ത് ആൻഡ് ലൈഫ് സ്റ്റൈൽ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. മംമ്ത സോണി പറഞ്ഞു.

സ്ത്രീകളുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലെ ആരോഗ്യവുമായി ബന്ധപ്പെട്ട ഗർഭകാല ജനിതക പരിശോധന, ഹോർമോൺഉപാപചയ ആരോഗ്യം, ജൈനക്കോളജിക്കൽ കാൻസറുകളുടെ നേരത്തെയുള്ള കണ്ടെത്തൽ എന്നീ മൂന്ന് പ്രധാന മേഖലകളിൽ നൂതന രോഗനിർണ്ണയ രീതികൾ ദൈനംദിന ചികിത്സയിൽ പ്രായോഗികമാക്കുന്നതിലാണ് ഈ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിവിധ ചികിത്സാ വിഭാഗങ്ങൾ തമ്മിലുള്ള ചർച്ചകളിലൂടെയും പ്രായോഗിക അറിവുകളിലൂടെയും രോഗസാധ്യതകൾ നേരത്തെ തിരിച്ചറിയാനും മികച്ച രോഗീ കൗൺസിലിംഗ് നൽകാനും സമൂഹത്തിൽ പ്രതിരോധ ആരോഗ്യപരിചരണം കൂടുതൽ വ്യാപകമാക്കാനും സാധിക്കുന്നു.



പിഎൻബിയുടെ യുവജന സൗഹൃദ ഡിജിറ്റൽ ബാങ്കിംഗ് ശാഖ ഡൽഹിയിൽ തുറന്നു

ന്യൂഡൽഹി: പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) യുവജനങ്ങൾക്കായി വിഭാവനം ചെയ്ത അത്യാധുനിക ഡിജിറ്റൽ ബാങ്കിംഗ് ശാഖ ന്യൂ ഡൽഹിയിലെ പാർലമെന്റ് സ്ട്രീറ്റിൽ പ്രവർത്തനമാരംഭിച്ചു. കേന്ദ്ര ധനകാര്യ സേവന വകുപ്പ് ജോയിന്റ് സെക്രട്ടറി ശാലിനി പാണ്ഡെ ശാഖ ഉദ്ഘാടനം ചെയ്തു. പിഎൻബി എംഡിയും സിഇഒയുമായ അശോക് ചന്ദ്ര ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

മൾട്ടിഫങ്ഷണൽ കിയോസ്ക്, വീഡിയോ കെവൈസി സൗകര്യത്തോടെയുള്ള ഇന്റർനെറ്റ് കിയോസ്ക്, പണം നിക്ഷേപിക്കാനുള്ള ബൾക്ക് നോട്ട് അക്സപ്റ്റർ, ചെറിയ തുകകൾ വിതരണം ചെയ്യാനുള്ള മെഷീൻ, ക്യൂ മാനേജ്മെന്റ് സംവിധാനം, എൻആർഐകൾക്കായുള്ള പ്രത്യേക ലോഞ്ച് തുടങ്ങിയ സൗകര്യങ്ങൾ ശാഖയിലുണ്ട്. യുവാക്കൾ, മുതിർന്ന പൗരന്മാർ, ഉയർന്ന ആസ്തിയുള്ള ഉപഭോക്താക്കൾ, പ്രവാസികൾ എന്നിവർക്കായി 24 മണിക്കൂറും ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം.



ഫ്ളയിങ് ഫ്ലീ കൊച്ചിയിലും പ്രവർത്തനം ആരംഭിച്ചു

കൊച്ചി: റോയൽ എൻഫീൽഡിന്റെ ഇലക്ട്രിക് മൊബിലിറ്റി ബ്രാൻഡായ ഫ്ളയിങ് ഫ്ലീ കൊച്ചിയിലും പ്രവർത്തനം ആരംഭിച്ചു. ഇന്ത്യയിൽ അഞ്ചാമത്തെ നഗരത്തിലാണ് ബ്രാൻഡ് സാന്നിധ്യം വിപുലീകരിക്കുന്നത്. ഉപഭോക്താക്കൾക്ക് വിൽപ്പന, സർവീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി കൊച്ചിയിൽ അഞ്ച് കേന്ദ്രങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. ഇടപ്പള്ളിയിൽ കമ്പനി നേരിട്ട് നടത്തുന്ന സ്റ്റോറും നാല് സർവീസ് കേന്ദ്രങ്ങളും ഉൾപ്പെടുന്നതാണ് ശൃംഖല. ചിറ്റൂർ റോഡിലെ സെന്റ് മേരീസ് മോട്ടോഴ്സ്, ആലുവയിലെ അർബൻ ലോക്കോമോട്ട്, മൂവാറ്റുപുഴയിലെ വെളിയത്ത് മോട്ടോഴ്സ്, വൈറ്റിലയിലെ കൈസൺ മോട്ടോഴ്സ് എന്നിവയാണ് മറ്റ് കേന്ദ്രങ്ങൾ.

ബ്രാൻഡിന്റെ ആദ്യ ഇലക്ട്രിക് മോട്ടോർസൈക്കിളായ എഫ്.എഫ്.സി6 നഗരയാത്രകൾക്ക് അനുയോജ്യമായ രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. നൂതന സാങ്കേതികവിദ്യയും സ്മാർട്ട് കണക്റ്റിവിറ്റി സംവിധാനങ്ങളും വാഹനത്തിന്റെ പ്രത്യേകതകളാണ്. സ്റ്റോം ബ്ലാക്ക്, ഫ്ലീ ഗ്രീൻ, പാരച്യൂട്ട് വൈറ്റ് എന്നീ മൂന്ന് നിറങ്ങളിൽ വാഹനം ലഭ്യമാണ്. 2.79 ലക്ഷം രൂപയാണ് എക്സ് ഷോറൂം വില. ബാറ്ററി ആസ് എ സർവീസ് സംവിധാനത്തിൽ 1.99 ലക്ഷം രൂപയ്ക്കും ലഭിക്കും. വാഹനത്തിന് 24 മണിക്കൂർ റോഡ്സൈഡ് അസിസ്റ്റൻസ് സൗകര്യവും ലഭ്യമാണ്.

എയർടെൽ ട്രാവൽ വീക്ക് ആരംഭിച്ചു



തിരുവനന്തപുരം: ഉത്സവ, ശൈത്യകാല യാത്രാ സീസണിന് മുന്നോടിയായി എയർടെൽ 2026 നവംബർ 25 വരെ എയർടെൽ ആപ്പിൽ എയർടെൽ ട്രാവൽ വീക്ക് ആരംഭിച്ചു. ഇതിലൂടെ, അന്താരാഷ്ട്ര റോമിങ്, വിസ സഹായം, ഫോറെക്സ് പോലുള്ള ആനുകൂല്യങ്ങൾ ഒരു പ്ലാറ്റ്ഫോമിൽ ലഭിക്കും.

എയർടെൽ ട്രാവൽ വീക്കിൽ തിരഞ്ഞെടുത്ത 1000 പ്രീപെയ്ഡ്, 1000 പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര റോമിങ് പായ്ക്കിൽ 10% ഡിസ്കൗണ്ട് ലഭിക്കും.

സൗജന്യ അന്താരാഷ്ട്ര യാത്ര സമ്മാനമായി ലഭിക്കുന്ന ഔട്ട് ഓഫ് ഓഫീസ് കോൺടെസ്റ്റിൽ പങ്കെടുക്കുന്നതിനായി ഉപഭോക്താക്കൾക്ക് ക്രിയാത്മകമായ ഔട്ട്ഓഫ്ഓഫീസ് ഇമെയിൽ സമർപ്പിക്കാവുന്നതാണ്. രണ്ട് ഭാഗ്യശാലികൾക്ക് അവരുടെ സ്വപ്ന അവധിക്കാലം യാഥാർത്ഥ്യമാക്കാൻ അവസരം ലഭിക്കും.

ഏഷ്യയിലെ നിശ്ചിത സ്ഥലങ്ങളിലേക്ക് അറ്റ്ലിസ് വഴി വിസയ്ക്കായി അപേക്ഷിക്കുന്ന ഉപഭോക്താക്കൾക്ക് 100% വരെ, പരമാവധി 4000 രൂപ, ഇളവ് ലഭിക്കാൻ അവസരമുണ്ട്.

യാത്രയിലെ പണമിടപാടുകൾക്കായി ഉപഭോക്താക്കൾക്ക് സീറോ മാർക്കപ്പും സൗജന്യ ഡെലിവറിയുമുള്ള നിയോ മൾട്ടികറൻസി കാർഡ് സ്വന്തമാക്കാം. യാത്രയ്ക്കുമുമ്പായി വിദേശ കറൻസി അറേഞ്ച് ചെയ്യുന്നത് എളുപ്പത്തിലാക്കുന്നതിനായി അവർക്ക് പ്രിഫറൻഷ്യൽ നിരക്കുകളിലെ നിയോ ഫോറെക്സ് ക്യാഷ് വീട്ടിൽ എത്തിച്ചുനൽകുന്ന സേവനവും സ്വന്തമാക്കാം.

വ്യക്തിഗതമായ യാത്രാ ആസൂത്രണം വാഗ്ദാനം ചെയ്യുന്ന ബ്രൂയ്സ്ഡ് പാസ്പോർട്ട്സുമായും എയർടെൽ കൈകോർക്കുന്നു. അഞ്ച് ഭാഗ്യശാലികളായ ഉപഭോക്താക്കൾക്ക് തങ്ങളുടെ യാത്രാ പ്ലാനുകൾക്കും മുൻഗണനകൾക്കും അനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനായി ബ്രൂയ്സ്ഡ് പാസ്പോർട്ട്സിലെ യാത്രാവിദഗ്ദ്ധരായ ജീവനക്കാരുമായി ഓൺലൈൻ കൺസൾട്ടേഷൻ നടത്താൻ അവസരം ലഭിക്കും.

എയർടെൽ ഉപഭോക്താക്കൾക്ക് എക്സ്ക്ലൂസീവ് യാത്രാ ആനുകൂല്യങ്ങൾ നേടാനും അവസരം ഉണ്ട്. 250 ഉപഭോക്താക്കൾക്ക് കോൺടെ നാസ്റ്റ് ട്രാവലറിന്റെ എക്സ്ക്ലൂസീവ് മെർക്കൻഡൈസിനോട് കൂടിയ വാർഷിക സബ്സ്ക്രിപ്ഷൻ ലഭിക്കും. കൂടാതെ, എല്ലാ എയർടെൽ ഉപഭോക്താക്കൾക്കും 10 ക്യൂറേറ്റഡ് സിറ്റി ഗൈഡുകളും സൗജന്യമായി ലഭിക്കും. 500 ഭാഗ്യശാലികളായ എയർടെൽ ഉപഭോക്താക്കൾക്ക് 500 രൂപയുടെ ആമസോൺ വൗച്ചറുകളും ലഭിക്കും. എയർടെൽ ആപ്പിൽ 2026 നവംബർ 25 വരെ എയർടെൽ ട്രാവൽ വീക്ക് നടക്കും.

സൊസൈറ്റി ടുഡേ SOCIETY TODAY

2,000 കോടി രൂപയുടെ വികസന മൂല്യവുമായി 'പൂർവ സിറ്റിസ്പയർ' കൊച്ചിയിൽ അവതരിപ്പിച്ച് പുറവങ്കര

കൊച്ചി: പ്രമുഖ റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരായ പുറവങ്കര ലിമിറ്റഡ് കൊച്ചിയിലെ ഇടപ്പള്ളിയിൽ 18 ഏക്കറോളം വിസ്തൃതിയിലുള്ള സംയോജിത ടൗൺഷിപ്പ് പദ്ധതിയായ പൂർവ സിറ്റിയുടെ ഭാഗമായ പൂർവ സിറ്റിസ്പയർ അവതരിപ്പിച്ചു. പദ്ധതിയുടെ ആകെ വികസന മൂല്യം 2,000 കോടി രൂപയാണ്. മികച്ച ഗതാഗത സൗകര്യങ്ങളുള്ള സ്ഥാനം, ആസൂത്രിതമായ ഭവന രൂപകൽപ്പന, വിപുലമായ ഹരിതവൽക്കരണം എന്നിവയാണ് പൂർവ സിറ്റിസ്പയറിന്റെ പ്രത്യേകതകൾ. പദ്ധതിയുടെ 50



ശതമാനത്തിലധികം സ്ഥലവും തുറസ്സായ ഇടങ്ങളായാണ് ഒരുക്കുന്നത്. വിനോദത്തിനും വിശ്രമത്തിനും സാമൂഹിക കൂട്ടായ്മകൾക്കുമായി താഴത്തെ നിലയിലും പോഡിയം തലത്തിലും ലാൻഡ്സ്കേപ്പ് സൗകര്യങ്ങൾ ഒരുക്കും.

ഇടപ്പള്ളി മെട്രോ സ്റ്റേഷൻ, എൻഎച്ച് 66, എൻഎച്ച് 544 എന്നിവിടങ്ങളിലേക്ക് പദ്ധതിയിൽ നിന്ന് എളുപ്പത്തിൽ എത്തിച്ചേരാം. ലുലു മാൾ, കാക്കനാട്ടെ ഇൻഫോപാർക്ക്, സ്മാർട്ട്സിറ്റി തുടങ്ങിയ പ്രധാന വാണിജ്യ,തൊഴിൽ കേന്ദ്രങ്ങളും സമീപത്താണ്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, ആസ്റ്റർ മെഡ്സിറ്റി, അമൃത ആശുപത്രി തുടങ്ങിയ പ്രമുഖ വിദ്യാഭ്യാസ,ആരോഗ്യ സ്ഥാപനങ്ങളും പദ്ധതിയുടെ സമീപ പ്രദേശങ്ങളിലുണ്ട്. എല്ലാ പ്രായക്കാർക്കും അനുയോജ്യമായ 40ലധികം ജീവിത ശൈലി സൗകര്യങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിരിക്കുന്നത്. 42,700 ചതുരശ്ര അടിയിലധികം വിസ്തീർണമുള്ള രണ്ട് ക്ലബ് ഹൗസുകളിൽ ആരോഗ്യസംരക്ഷണം, വിനോദം, വിശ്രമം എന്നിവയ്ക്കുള്ള സൗകര്യങ്ങളുണ്ടാകും. സ്വകാര്യ ബൗളിങ് അലേ, ഗോൾഫ് സിമുലേറ്റർ, നഗരക്കാഴ്ചകൾ ആസ്വദിക്കാനും നക്ഷത്രനിരീക്ഷണം നടത്താനുമുള്ള ഡെക്ക്, ഔട്ട്ഡോർ ഡെക്കോടുകൂടിയ ഉയരത്തിലുള്ള വർക്ക് ഫ്രം ഹോം മേഖല എന്നിവയാണ് പദ്ധതിയിലെ സവിശേഷ സൗകര്യങ്ങൾ.

സ്വാഭാവിക വെളിച്ചവും വായുസഞ്ചാരവും പരമാവധി ലഭിക്കുന്ന തരത്തിൽ മൂന്ന് വശങ്ങളും തുറന്ന രീതിയിലാണ് അപ്പാർട്ട്മെന്റുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. ഓരോ നിലയിലും ആറ് വീടുകൾ മാത്രമാണുള്ളത്. ഇതിലൂടെ ഉയരമേറിയ കെട്ടിടങ്ങളിലെ താമസസൗകര്യത്തോടൊപ്പം സ്വകാര്യതയും കൂടുതൽ സ്ഥലസൗകര്യവും ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.



വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നൂതന സാങ്കേതികവിദ്യയിൽ വികസിപ്പിച്ച കൂൾ വയറുകൾ കൊച്ചിയിൽ നടന്ന ചടങ്ങിൽ അവതരിപ്പിച്ചപ്പോൾ. വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മിഥുൻ കെ. ചിറ്റിലപ്പിള്ളി, മാർക്കറ്റിംഗ് വിഭാഗം സീനിയർ വൈസ് പ്രസിഡന്റ് ദീപക് അഗസ്റ്റിൻ, ബ്രാൻഡ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വിഭാഗം വൈസ് പ്രസിഡന്റ് നന്ദഗോപാൽ നായർ, വയേഴ്സ് നാഷണൽ പ്രോഡക്ട് ഹെഡ് ജയേഷ് കെ.ജെ. എന്നിവർ

വിഗാർഡ് കൂൾ വയേഴ്സ് വിപണിയിൽ; ഹൗസ് വയറിംഗിൽ പുതിയ ചുവടുവയ്പ്പ്

കൊച്ചി: ഇന്ത്യയിലെ മുൻനിര ഇലക്ട്രിക്കൽ, കൺസ്യൂമർ ഇലക്ട്രോണിക്സ് കമ്പനികളിലൊന്നായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നൂതന സാങ്കേതികവിദ്യയിൽ വികസിപ്പിച്ച കൂൾ വയറുകൾ വിപണിയിൽ അവതരിപ്പിച്ചു. താപനിലയെ പ്രതിരോധിക്കുന്നതിനും കൂടുതൽ കാലം ഈടുനിൽക്കുന്നതിനും ചൂടാകുന്നത് തടയുന്നതിനും സാധ്യമാകുന്ന രീതിയിലാണ് വിഗാർഡ് കൂൾ വയറുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സീറോ ഹാലജൻ ലോ സ്മോക്ക് വിഭാഗത്തിൽ സി.ഐ.ഐ ഗ്രീൻ പ്രോഡക്ട്സ് ആൻഡ് സർവീസസ് കൗൺസിലിന്റെ ഇക്കോ ലേബൽഡ് പ്രോഡക്ട് ടൈപ്പ് 1 അംഗീകാരം ലഭിക്കുന്ന ഇന്ത്യയിലെ ആദ്യ ഗ്രീൻപ്രോസർട്ടിഫൈഡ് വയറുകളെന്ന പ്രത്യേകതയും കൂൾ വയറുകൾക്കുണ്ട്.

ട്രിപ്പിൾ ലെയർ ഇൻസുലേഷൻ, കോപ്പർ എഞ്ചിനീയറിംഗ്, ഇക്കോ എൻജിനീയറിംഗ് എന്നീ മൂന്ന് സാങ്കേതിക മികവുകൾ ഉൾപ്പെടുത്തിയുള്ള വിഗാർഡിന്റെ ICE 300 എൻജിനീയറിംഗ് സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലാണ് കൂൾ വയറുകൾ വികസിപ്പിച്ചിരിക്കുന്നത്. 300 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്ന ചൂടിലും തീപിടിക്കാതെ സുരക്ഷ ഉറപ്പാക്കാൻ വിഗാർഡ് കൂൾ വയറുകൾക്ക് കഴിയും. സാധാരണ വയറുകളേക്കാൾ 75 ശതമാനം കൂടുതൽ വൈദ്യുതി കടത്തിവിടാനും ഇവയ്ക്ക് സാധിക്കും. ഈർപ്പം, ചിതൽ എന്നിവയിൽനിന്ന് സംരക്ഷണമൊരുക്കുന്ന കൂൾ വയറുകൾ ദീർഘകാലം ഈട് നിൽക്കുമെന്നും കമ്പനി ഉറപ്പ് നൽകുന്നു.

RoHS, REACH തുടങ്ങിയ അന്താരാഷ്ട്ര സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് കൂൾ വയറുകൾ നിർമ്മിക്കുന്നത്. വയറുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികളുടെ തിരഞ്ഞെടുപ്പിലും നിർമ്മാണരീതിയിലും പരിസ്ഥിതി ആഘാതവും കാർബൺ എമിഷനും കുറയ്ക്കുന്നതിനും വിഗാർഡ് പ്രാധാന്യം നൽകിയിട്ടുണ്ട്.

കൂൾ വയേഴ്സ് വിപണിയിലെത്തിക്കുക വഴി ഹൌസ് വയറിംഗ് മേഖലയിൽ നൂതന സാങ്കേതികവിദ്യയും പരിസ്ഥിതി സൗഹൃദ സമീപനവും ഒരുമിപ്പിക്കുന്നതിലെ സുപ്രധാന ചുവടുവയ്പ്പാണ് കമ്പനി നടത്തിയിരിക്കുന്നതെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. ഉയർന്ന പ്രകടനവും ഗുണനിലവാരവും ഉറപ്പാക്കുന്നതിനൊപ്പം പരിസ്ഥിതിയോടുള്ള ഉത്തരവാദിത്തവും പരിഗണിച്ചുകൊണ്ട് ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ തെളിവുകൂടിയാണിത്.

വിഗാർഡ് ഉത്പന്നങ്ങളുടെ സുരക്ഷയിലും ഗുണനിലവാരത്തിലുമുള്ള ഉപഭോക്താക്കളുടെ വിശ്വാസം കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊച്ചിയിൽ നടന്ന ചടങ്ങിൽ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മിഥുൻ കെ. ചിറ്റിലപ്പിള്ളി കൂൾ വയറുകൾ വിപണിയിൽ അവതരിപ്പിച്ചു.

മാർക്കറ്റിംഗ് വിഭാഗം സീനിയർ വൈസ് പ്രസിഡന്റ് ദീപക് അഗസ്റ്റിൻ, ബ്രാൻഡ് ആൻഡ് കമ്മ്യൂണിക്കേഷൻസ് വിഭാഗം വൈസ് പ്രസിഡന്റ് നന്ദഗോപാൽ നായർ, വയേഴ്സ് നാഷണൽ പ്രോഡക്ട് ഹെഡ് ജയേഷ് കെ.ജെ. എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

കേരളത്തിലും കർണാടകയിലുമുള്ള വിഗാർഡിന്റെ പ്രധാന ഡീലർമാർ വഴി കൂൾ വയറുകൾ ലഭ്യമാണ്.

മീഷോയും യൂട്യൂബ് ഷോപ്പിംഗും പങ്കാളിത്തത്തിൽ

കൊച്ചി: രാജ്യത്തുടനീളമുള്ള കണ്ടന്റ് ക്രിയേറ്റർമാർക്ക് പുതിയ വാണിജ്യ, വരുമാന അവസരങ്ങൾ ഒരുക്കുന്നതിനായി മീഷോ യൂട്യൂബ് ഷോപ്പിംഗുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടു. ഇതിലൂടെ യോഗ്യരായ യൂട്യൂബ് ക്രിയേറ്റർമാർക്ക് തങ്ങളുടെ ലോംഗ്ഫോം വീഡിയോകൾ, ഷോർട്ട്സ്, ലൈവ് സ്ട്രീമുകൾ എന്നിവയിൽ നേരിട്ട് മീഷോ ഉൽപ്പന്നങ്ങൾ ടാഗ് ചെയ്യാൻ സാധിക്കും. യൂട്യൂബിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം 500 ൽ താഴെ സബ്സ്ക്രൈബർമാരുള്ള ക്രിയേറ്റർമാർക്കും ഈ പ്രോഗ്രാമിൽ പങ്കെടുക്കാനും, തങ്ങളുടെ ഉള്ളടക്കത്തിലൂടെ നടക്കുന്ന വാങ്ങലുകൾക്ക് കമ്മീഷൻ നേടാനും കഴിയും.

ഈ പങ്കാളിത്തത്തിലൂടെ 40 വിഭാഗങ്ങളിലായി 30 ദശലക്ഷത്തിലധികം അഫിലിയേറ്റ് ഉൽപ്പന്നങ്ങളുടെയും 2 ലക്ഷത്തിലധികം വിൽപ്പനക്കാരുടെയും മീഷോ കാറ്റലോഗിലേക്ക് ക്രിയേറ്റർമാർക്ക് പ്രവേശനം ലഭിക്കും. ഫാഷൻ, സൗന്ദര്യവർദ്ധക വസ്തുക്കൾ മുതൽ വീട്ടുപകരണങ്ങളും അടുക്കള ഉപകരണങ്ങളും വരെയുള്ള ഉൽപ്പന്നങ്ങൾ അവലോകനങ്ങൾ, സ്റ്റൈലിംഗ് വീഡിയോകൾ, ഷോകൾ, ലൈവ് സ്ട്രീമുകൾ എന്നിവയിൽ ഉൾപ്പെടുത്താനാകും. യൂട്യൂബിലെ തിരയൽ വഴി ഉൽപ്പന്ന കേന്ദ്രീകൃത വീഡിയോകൾക്ക് ദീർഘകാലം പ്രേക്ഷകരിലേക്ക് എത്താൻ കഴിയുന്നതിനാൽ, പിന്നീടുള്ള വാങ്ങലുകളിലൂടെയും ക്രിയേറ്റർമാർക്ക് വരുമാനം നേടാൻ സാധിക്കും. നിലവിലുള്ള മീഷോ ക്രിയേറ്റർ ക്ലബ് അംഗങ്ങൾക്ക് തങ്ങളുടെ അഫിലിയേറ്റ് പ്രവർത്തനങ്ങൾ യൂട്യൂബിലേക്കും വ്യാപിപ്പിക്കാം.

മീഷോ ക്രിയേറ്റർ ക്ലബിലെ 81 ശതമാനം പേരും മെട്രോ നഗരങ്ങൾക്ക് പുറത്തുള്ളവരും, സജീവ ക്രിയേറ്റർമാരിൽ 90 ശതമാനം പേരും നാനോ ക്രിയേറ്റർമാരുമാണ്. പ്രാദേശിക ഭാഷാ ഉള്ളടക്കം ഉൾപ്പെടെയുള്ളവയിലൂടെ ചെറുപട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും ക്രിയേറ്റർമാർക്ക് വരുമാനം നേടാൻ യൂട്യൂബ് ഷോപ്പിംഗ് സഹായകമാകും. വരും മാസങ്ങളിൽ 2 ലക്ഷത്തിലധികം ക്രിയേറ്റർമാരെ യൂട്യൂബ് ഷോപ്പിംഗിലേക്ക് എത്തിക്കാനും അഫിലിയേറ്റ് കാറ്റലോഗ് വികസിപ്പിക്കാനും പ്രാദേശിക ഭാഷാ ക്രിയേറ്റർമാർക്ക് കൂടുതൽ പിന്തുണ നൽകാനും മീഷോ ലക്ഷ്യമിടുന്നു.

പുതിയ ഫാനുകൾ അവതരിപ്പിച്ച് ഹാവെൽസ്



കൊച്ചി: ഹാവെൽസ് ഇന്ത്യ ലിമിറ്റഡ് മൂന്ന് നൂതന സീലിംഗ് ഫാനുകൾ വിപണിയിലിറക്കി. ഇന്ത്യയിലെ ആദ്യ സൂപ്പർ ഹൈസ്പീഡ് ബ്രഷ്ലെസ് ഡിസി ഫാൻ, ഡ്യുവൽ കൺട്രോളോടു കൂടിയ സൈലന്റ് എയർ മാക്സ് ബ്രഷ്ലെസ് ഡിസി ഫാൻ ശ്രേണി, ഏജന്റിക് എഐ ഫാൻ എന്നിവയാണ് പുതിയ ഉൽപ്പന്നങ്ങൾ. 400 ആർപിഎം വരെ വേഗത നൽകുന്ന സൂപ്പർ ഹൈസ്പീഡ് ഫാനിന് 65 ശതമാനം വരെ വൈദ്യുതി ലാഭിക്കാനാകും. 50 ഡെസിബൽ ശബ്ദത്തിൽ പ്രവർത്തിക്കുന്ന സൈലന്റ് എയർ മാക്സ് മികച്ച വായുസഞ്ചാരവും ശാന്തമായ അന്തരീക്ഷവും ഉറപ്പാക്കുന്നു. പത്ത് ഇന്ത്യൻ ഭാഷകളിൽ സ്വാഭാവിക സംഭാഷണത്തിലൂടെ നിയന്ത്രിക്കാവുന്ന എഐക് സിഗ്നിയ സ്മാർട്ട് ഫാനാണ് മറ്റൊരു ആകർഷണം. ഹാവെൽസിന്റെ അംഗീകൃത വിതരണ ശൃംഖലകളിലൂടെ പുതിയ ഫാനുകൾ ലഭ്യമാകും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com